LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടോട്ടി - കൊളപ്പുറം റോഡ് പുനരുദ്ധരിക്കാൻ നടപടി

205 (4559) **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ എൻ.എച്ച്.213-നെയും എൻ.എച്ച് 17-നെയും ബന്ധിപ്പിക്കുന്ന കൊണ്ടോട്ടി-കൊളപ്പുറം റോഡ് സെൻട്രൽ റോഡ് ഫണ്ടിന്റെ സഹായത്തോടെ പുനരുദ്ധരിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ പൊതു മരാമത്ത് വകുപ്പിൽ ലഭിച്ചിരുന്നുവോ ;

(ബി) എങ്കിൽ എന്നാണ് ലഭിച്ചത് ; അതിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ആവശ്യമായ ശുപാർശയോടെ പ്രസ്തുത റോഡിന്റെ പ്രൊപ്പോസൽ കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിലേക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചീഫ് എൻജിനീയറുടെ ശുപാർശ 19-3-2010-ൽ ലഭിച്ചു.

(ബി & സി) 2010-11 വർഷത്തിൽ സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തേണ്ട പദ്ധതികൾ 15.6.2010-ൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും അവയ്ക്ക് കേന്ദ്രാനുമതി ലഭിക്കുകയും ചെയ്തു. പ്രാദേശിക സന്തുലനം ഉറപ്പാക്കിക്കൊണ്ട് റോഡുകൾ തെരഞ്ഞെടുത്തപ്പോൾ കൊണ്ടോട്ടി കൊളപ്പുറം റോഡ് പട്ടികയിൽ ഉൾപ്പെടുത്താൻ സാധിച്ചില്ല. 2010-11 വർഷത്തിൽ ഇനി പദ്ധതികൾ അനുവദിച്ചു കിട്ടാൻ സാധ്യതയില്ല.

കെ.എസ്.ടി.പി. പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം

206 (4560) **ശ്രീ. ജി. കാർത്തികേയൻ :**
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ റോഡ് വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന കെ.എസ്.ടി.പി. പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം എന്നുമുതൽ ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(ബി) പ്രസ്തുത പദ്ധതി പ്രഖ്യാപിത സമയത്തിൽ ആരംഭിക്കാൻ കഴിഞ്ഞുവോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(സി) രണ്ടാംഘട്ട പദ്ധതിയിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമെന്നും അവ എന്ന് പൂർത്തീകരിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;